പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 680 **13-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ സംഘങ്ങളിലെ ഓഡിറ്റിംഗ് ശക്തിപ്പെടുത്തൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ സാമ്പത്തിക സുതാര്യതയും വിശ്വസനീയതയും ഉറപ്പുവരുത്തുന്നതിനായി ഓഡിറ്റിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാനും ശക്തിപ്പെടുത്താനും എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ സാമ്പത്തിക സുതാര്യതയും വിശ്വസനീയതയും ഉറപ്പുവരുത്തുന്നതിനും ഓഡിറ്റിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(1) ടീം ഓഡിറ്റ് സംവിധാനം

ടീം ഓഡിറ്റ് സംവിധാനം നിലവിൽ വന്നതിലൂടെ ചുവടെ കൊടുത്ത ലക്ഷ്യങ്ങൾ സാധ്യമാക്കിവരുന്നു.

1) സാമ്പത്തിക തിരിമറികളും ക്രമക്കേടുകളും ഫലപ്രദമായി പ്രതിരോധിക്കാൻ സാധിക്കുന്നു.

2) ഓഡിറ്റ് നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നു.

3) ഓഡിറ്റിന്റെ ഗുണനിലവാരവും കൃത്യതയും ഉറപ്പുവരുത്താൻ സാധിക്കുന്നു.

നിലവിൽ നടപ്പിലാക്കി വരുന്ന ടീം ഓഡിറ്റ് സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തി ടീം ഓഡിറ്റിംഗ് കൂടുതൽ കാര്യക്ഷമം ആക്കുന്നതിനാവശ്യമായ ഭേദഗതികൾ/പരിഷ്കാരങ്ങൾ വരുത്തുന്ന കാര്യം ആലോചിച്ചു വരുകയാണ്.

(2) സഹകരണ സംഘങ്ങളിലെ കണക്കുകൾ സൂക്ഷിക്കലും അക്കൗണ്ടിംഗ് മാനദണ്ഡങ്ങളും

കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 34A പ്രകാരം, സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ കണക്കുകൾ സൂക്ഷിക്കുന്നതും ഏകീകൃത സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതും സംബന്ധിച്ച വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട്.

ഇതനുസരിച്ച് എല്ലാ സഹകരണ സംഘങ്ങളും പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്ത്വങ്ങൾക്ക് (Generally Accepted Accounting Principles) അനുസൃതമായി ലാഭനഷ്ടക്കണക്കുകളും ആസ്തി-ബാധ്യത വിവരണപ്പട്ടികയും (Balance Sheet) തയാറാക്കേണ്ടതാണ്.

നിർദ്ദിഷ്ട ചട്ടങ്ങൾക്കനുസൃതമായി ഡബിൾ എൻട്രി ബുക്ക് കീപ്പിംഗ് സിസ്റ്റം (Double Entry Book Keeping System) ഉറപ്പാക്കുന്ന രീതിയിൽ എല്ലാ അക്കൗണ്ട് പുസ്തകങ്ങളും സാമ്പത്തിക വിവരണങ്ങളും

തയാറാക്കി സൂക്ഷിക്കാൻ സംഘങ്ങൾ ബാധ്യസ്ഥരാണ്.

(3) സഹകരണ സംഘങ്ങളിലെ സാമ്പത്തിക സുതാര്യതയും ആധുനിക ഓഡിറ്റിംഗ് രീതികളും

സഹകരണ സംഘങ്ങളിലെ ഓഡിറ്റിംഗ് സംവിധാനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി ചുവടെ പറയുന്ന നവീന സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

1) എൻട്രി-എക്സിറ്റ് മീറ്റിംഗ് (Entry-Exit Meeting): ഓഡിറ്റ് ആരംഭിക്കുന്നതിന് മുന്നോടിയായും പൂർത്തീകരണ സമയത്തും ഭരണസമിതി അംഗങ്ങളുമായും ഉദ്യോഗസ്ഥരുമായും ആശയവിനിമയം നടത്തുന്ന എൻട്രി-എക്സിറ്റ് മീറ്റിംഗ് രീതി നിലവിൽ വരുത്തിയിട്ടുണ്ട്.

2) ഡ്രാഫ്റ്റ് ഓഡിറ്റ് മെമ്മോ (Draft Audit Memo): ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന വിവരങ്ങളും പോരായ്മകളും പ്രാഥമികമായി അറിയിക്കുന്നതിനായി ഡ്രാഫ്റ്റ് ഓഡിറ്റ് മെമ്മോ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

3) ഓഡിറ്റ് മെട്രിക്സ് (Audit Matrix): ഓഡിറ്റിന്റെ പുരോഗതിയും നിലവാരവും കൃത്യമായി വിലയിരുത്തുന്നതിനായി ഓഡിറ്റ് മെട്രിക്സ് രീതി നടപ്പിലാക്കിയിട്ടുണ്ട്.

4) ഓഡിറ്റ് പാരാ സിസ്റ്റം (Audit Para System) & കംപ്ലയൻസ് മോണിറ്ററിംഗ് (Compliance Monitoring): ഓഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകളും നിർദ്ദേശങ്ങളും (Audit Paras) തുടർനടപടികൾക്കായി നിരീക്ഷിക്കുന്നതിനും, അവമേലുള്ള മറുപടികളും പരിഹാരനടപടികളും സമയബന്ധിതമായി നിരീക്ഷിക്കുന്നതിനുമായി കംപ്ലയൻസ് മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകളും തട്ടിപ്പുകളും മുൻകൂട്ടി കണ്ടെത്തുന്നതിനായി കേന്ദ്രീകൃത 'ഓൺലൈൻ മോണിറ്ററിംഗ് ആൻഡ് റിയൽ ടൈം ഓഡിറ്റിംഗ് സോഫ്റ്റ്വെയർ' സംവിധാനം പൂർണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

മറുപടി: ഇല്ല.

(സി) നിലവിൽ ഏതൊക്കെ ഘട്ടങ്ങളിലാണ് സാമ്പത്തിക ഓഡിറ്റിംഗ് വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളതെന്നും ഇത് എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും (പി.എ.സി.എസ്.) എന്ന് പൂർണമായി നടപ്പിലാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

മറുപടി: സഹകരണ വകുപ്പിൽ സഹകരണ ഓഡിറ്റ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുമായി I.C.D.M.S (Integrated Co-operative Development Management System) പദ്ധതിയുടെ ഭാഗമായി C.A.M.I.S. (Co-operative Audit Monitoring & Information System) സംവിധാനം നടപ്പിലാക്കിവരുന്നുണ്ട്.

ഈ സംവിധാനത്തിലൂടെ നിലവിൽ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങൾ, താലൂക്ക് അടിസ്ഥാനത്തിലുള്ള സംഘങ്ങളുടെ കണക്കുകൾ, ഓഡിറ്റ് പൂർത്തിയായവയും ബാക്കിയുള്ളവയും സംബന്ധിച്ച വിവരങ്ങൾ, ബാലൻസ് ഷീറ്റ് സംഗ്രഹം, നിക്ഷേപങ്ങൾ, വായ്പകൾ, ഗുരുതരമായ ക്രമക്കേടുകൾ, മേൽനടപടികൾ എന്നിവ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് മുഴുവൻ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെയും ഓഡിറ്റ് വിവരങ്ങൾ ഈ സംവിധാനത്തിലൂടെ ഘട്ടം ഘട്ടമായി പൂർണ്ണ തോതിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓഡിറ്റ് തടസ്സപ്പെടുന്നത് ഒഴിവാക്കാനും ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാനും വകുപ്പ് തലത്തിൽ പുതിയ നിർദ്ദേശങ്ങളോ മാർഗരേഖകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: സഹകരണ വകുപ്പിൽ ഓഡിറ്റ് തടസ്സപ്പെടുന്നത് ഒഴിവാക്കുന്നതിനും ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റും സഹകരണ വകുപ്പും കർശനമായ നിർദ്ദേശങ്ങളും മാർഗ്ഗ രേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നടപടികൾ താഴെ പറയുന്നവയാണ്:

1) ടീം ഓഡിറ്റ് സംവിധാനം (Team Audit):

ഓഡിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനായി 'ടീം ഓഡിറ്റ്' സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ഇതിനായി ഓഡിറ്റ് നോട്ട് തയ്യാറാക്കുന്നതിനും ഓഡിറ്റ് മെടിക്സ് കൃത്യമായി പാലിക്കുന്നതിനുമുള്ള പ്രത്യേക മാഗ്ഗ രേഖകൾ വകുപ്പ് നൽകിയിട്ടുണ്ട്.

2) സമയപരിധി കർശനമാക്കൽ:

ഓഡിറ്റ് റിപ്പോർട്ടുകളും ഓഡിറ്റ് സർട്ടിഫിക്കറ്റുകളും നിശ്ചിത സമയ പരിധിക്കുള്ളിൽ (പ്രത്യേകിച്ച് ഓഡിറ്റ് നോട്ട് ലഭിച്ച് നിശ്ചിത ദിവസത്തിനകം) പൂർത്തിയാക്കി നൽകണമെന്ന് ഓഡിറ്റർമാർക്കും ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

3) കംപ്ലൈൻസ് രജിസ്റ്റർ (Compliance Register):

ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാനും തടസ്സവാദങ്ങൾ സമയബന്ധിതമായി തീർപ്പാക്കാനും ഓഫീസുകളിൽ 'കംപ്ലൈൻസ് രജിസ്റ്റർ' കൃത്യമായി പരിപാലിക്കുന്നതിനുമുള്ള പുന:ക്രമീകരിച്ച മാർഗ്ഗ രേഖകൾ നടപ്പിലാക്കിയിട്ടുണ്ട്.

4)ഉത്തരവാദിത്തവും കൃത്യനിഷ്ടയും:

ഓഡിറ്റ് ജോലികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തവും കൃത്യനിഷ്ടയും ഉറപ്പുരുത്തുന്നതിനാവശ്യമായ വകുപ്പുതല നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ